**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2077** 09-12-2022 - ൽ മറുപടിയ്ക്ക്

**കെ.എസ്.ആർ.ടി.സി ബസ് സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ്,കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയ സർവീസുകൾ ഏതെല്ലാമാണെന്നും അതിൽ ഏതൊക്കെ സർവീസുകൾ പുനരാരംഭിച്ചുവെന്നും വ്യക്തമാക്കാമോ; | (എ) | കോവിഡാനന്തരം നിയന്ത്രണങ്ങൾ ലഘൂകരിച്ചതിനെ തുടർന്ന് കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിൽ നിന്നും കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ഇതിനോടകം പുനരാരംഭിച്ചിട്ടുണ്ട്. സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തന ചെലവ് പോലും വഹിക്കാൻ കഴിയാത്ത സർവ്വീസുകളും ട്രിപ്പുകളും പുനഃക്രമീകരിച്ച് നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2020 ജനുവരിയിൽ നടത്തിയിരുന്ന എല്ലാ സർവ്വീസുകളിലെയും പ്രധാന ട്രിപ്പുകൾ നടത്തുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. കാസർഗോഡ് ഡിപ്പോയിലും കാഞ്ഞങ്ങാട് ഡിപ്പോയിലും നിർത്തി വച്ചിട്ടുള്ള സർവ്വീസുകളും പുനരാരംഭിച്ചിട്ടുള്ള സർവ്വീസുകളും ചുവടെ ചേർക്കുന്നു.<br><br><u>കോവിഡ് സാഹചര്യത്തിൽ നിർത്തിവച്ച സർവ്വീസുകൾ</u><br><br><u>കാസർഗോഡ്</u><br><br>1. 09.30 പുത്തൂർ<br><br>2. 10.19 സുബ്രഹ്മണ്യ<br><br>3. 11.50 സുള്ള്യ<br><br>4. 05.30 പുത്തൂർ<br><br>5. 08.20 സുള്ള്യ<br><br>6. 11.05 ചിറ്റാരിക്കൽ<br><br>7. 11.20 മംഗലാപുരം<br><br>8. 12.35 മാനസ |

9. 12.15 കാട്ടുകുക്കെ

10. 13.05 നീലേശ്വരം (stay)

11. 14.00 മംഗലാപുരം-നിലേശ്വരം (stay)

12. 13.00 ചെറുപുഴ

13. 14.52 പേരാവൂർ

14. 08.15 ബേവൂരി

15. 17.00 ജനശതാബ്ദി

16. 12.00 അട്ടൂർ - മംഗലാപുരം

17. 13.20 ചീക്കാട് - മംഗലാപുരം

യാത്രാവശ്യം പരിഗണിച്ച് പുനരാരംഭിച്ചവ

1. 21.00 കോഴിക്കോട്

2. 07.50 പെരുമ്പാല

3. 08.00 കല്ലംവളപ്പ്

4. 07.45 കല്ലംവളപ്പ്

5. 08.00 ചട്ടഞ്ചാൽ

കോവിഡ് സാഹചര്യത്തിൽ നിർത്തിവച്ച സർവ്വീസുകൾ

കാഞ്ഞങ്ങാട്

1. 05.20 ചെറുപുഴ

2. 11.10 കൊന്നക്കാട്

3. 14.50 ബളാൽ

4. 07.00 എരിക്കുളം

5. 06.20 സുള്ള്യ - പാണത്തൂർ

6. 07.10 സുള്ള്യ - പാണത്തൂർ

7. 08.00 സുള്ള്യ - പാണത്തൂർ

8. 14.05 മംഗലാപുരം

9. 08.00 രാവണീശ്വരം

10. 15.30 പറശ്ശിനിക്കടവ്

11. 08.30 സുള്ള്യ

| | | | |
|---|---|---|---|
| | | | യാത്രാവശ്യം പരിഗണിച്ച് പുനരാരംഭിച്ചവ<br><br>1. 13.20 എളേരി<br><br>2. 08.00 ഉരുവനം<br><br>3. 07.50 റാണിപുരം |
| (ബി) | പുനരാരംഭിക്കാൻ ബാക്കിയുള്ള സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | പുനരാരംഭിക്കാൻ ബാക്കിയുള്ള സർവീസുകൾ യാത്രാവശ്യം പരിശോധിച്ച് പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി മാനവവിഭവശേഷി വർദ്ധിപ്പിക്കുന്നതിനും ഡ്യൂട്ടി സംവിധാനം ക്രമീകരിക്കുന്നതിനുമായി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരം ഡ്യൂട്ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഡിപ്പോയിൽ ഡ്യൂട്ടി സംവിധാനം നടപ്പിലാക്കിയതിലൂടെ കൂടുതൽ സർവ്വീസ് / ട്രിപ്പുകളും അധിക കിലോമീറ്ററും ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഈ സംവിധാനം ഒരുക്കുന്നതിലൂടെ കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോയിൽ കൂടുതൽ ട്രിപ്പുകൾ ക്രമീകരിക്കുവാൻ സാധിക്കുന്നതാണ്. ഇതനുസരിച്ച് ടി യൂണിറ്റുകളിലെ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരികയാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വരുമാനക്കുറവ് മൂലം നടത്തുവാൻ കഴിയാത്ത റൂട്ടുകളിലെ പ്രധാന ട്രിപ്പുകൾ ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ